# Malayala Manorama

# 12 August 2018

# Kochi: Flood Relief Camp, Chief Minister

## ദുരിതാശ്വാസ ക്യാംപുകളിൽ സാന്ത്വനവുമായി മുഖ്യമന്ത്രി

കൊച്ചി • ജില്ലയിൽ ദുരിതാശ്വാസ ക്യാംപ് നടക്കുന്ന ചെങ്ങമനാട് പഞ്ചായത്തിലെ ഗവ. ഹയർ സെക്കൻഡറി സ്കൂൾ, കുന്നുകര അഹാന ഓഡിറ്റോറിയം, പുത്തൻവേലിക്കര കേരള ഓഡിറ്റോറിയം എന്നിവിടങ്ങൾ മുഖ്യമന്ത്രി സന്ദർശിച്ചു.

ഇന്നലെ ഉച്ചയ്ക്കു രണ്ടേ കാലോടെയാണു മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രി ഇ. ചന്ദ്രശേഖരനും ക്യാംപുകളിൽ എത്തിയത്. സ്ഥിതിഗതികൾ ചോദിച്ചു മനസ്സിലാക്കിയ മുഖ്യമന്ത്രിയും റവന്യു മന്ത്രിയും എല്ലാവരെയും ആശ്വസിപ്പിച്ചു.

ഉച്ചയ്ക്ക് രണ്ടിനാണു മുഖ്യമന്ത്രി നെടുമ്പാശേരി വിമാനത്താവളത്തിൽ ഹെലികോപ്ടറിൽ എത്തിയത്. മന്ത്രി ഇ. ചന്ദ്രശേഖരൻ, ചീഫ് സെക്രട്ടറി ടോം ജോസ്, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, അഡീ. ചീഫ് സെക്രട്ടറി പി.എച്ച്. കുര്യൻ എന്നിവരും മുഖ്യമന്ത്രിയോടൊപ്പം ഹെലികോപ്ടറിൽ ഉണ്ടായിരുന്നു. ജില്ലാ കലക്ടർ മുഹമ്മദ് സഫിറുല്ല, ജിസിഡിഎ ചെയർമാൻ സി.എൻ മോഹനൻ, ഡിജിപി ലോക്നാഥ് ബെഹ്റ, റൂറൽ എസ്പി രാഹുൽ ആർ. നായർ എന്നിവർ മുഖ്യമന്ത്രിയെ സ്വീകരിച്ചു.

ചെങ്ങമനാട് പഞ്ചായത്തിലെ ദുരിതാശ്വാസ ക്യാംപായ ഗവ. ഹയർ സെക്കൻഡറി സ്കൂളിലാണു മുഖ്യമന്ത്രി ആദ്യം എത്തിയത്. പഞ്ചായത്തിലെ കണ്ടംതുരുത്ത് പ്രദേശത്ത് വെള്ളം കയറിയതിനെ തുടർന്നു മാറ്റി പാർപ്പിച്ച 79 കുടുംബങ്ങളിലെ 53 കുട്ടികളടക്കം 325 പേരാണു ക്യാംപിലുള്ളത്. തുടർന്ന് കുന്നുകര പഞ്ചായത്തിലെ ദുരിതാശ്വാസ ക്യാപു നടക്കുന്ന അഹാന ഓഡിറ്റോറിയത്തിലേക്കു മുഖ്യമന്ത്രി പോയി. 476 പേരാണ് അവിടെയുണ്ടായിരുന്നത്.

കെ.വി. തോമസ് എംപി, വി.കെ. ഇബ്രാഹിം കുഞ്ഞ് എംഎൽഎ, അൻവർ സാദത്ത് എംഎൽഎ, കുന്നുകര പഞ്ചായത്ത് പ്രസിഡന്റ് ഫ്രാൻസിസ് തറയിൽ എന്നിവർ അദ്ദേഹത്തെ സ്വീകരിച്ചു. പുത്തൻവേലിക്കര പഞ്ചായത്തിലെ തേലതുരുത്തിലെ ദുരിതാശ്വാസ ക്യാംപായ കേരള ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി എത്തുമ്പോൾ 792 പേരുണ്ടായിരുന്നു.

തേലതുരുത്ത് ചാലാക്ക ഭാഗങ്ങളിൽ വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് ബുദ്ധിമുട്ടിലായവരാണ് ഇവിടെയുള്ളത്. കെ.വി. തോമസ് എംപി, പുത്തൻവേലിക്കര പഞ്ചായത്ത് പ്രസിഡന്റ് പി.വി. ലാജു, വി.ഡി. സതീശൻ എംഎൽഎ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു സെബാസ്റ്റ്യൻ എന്നിവരും ക്യാപിലെത്തി. ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഏകോപന ചുമതലയുള്ള ഫുഡ് സേഫ്റ്റി കമ്മിഷണർ എം.ജി. രാജമാണിക്യവും മുഖ്യമന്ത്രിയെ ക്യാംപുകളിൽ അനുഗമിച്ചു.



ഇടമലയാർ അണക്കെട്ടിന്റെ മൂന്നു ഷട്ടറുകൾ അടച്ചതോടെ ജലനിരപ്പ് താഴ്ന്ന ഭൂതത്താൻകെട്ട് അണക്കെട്ടിന്റെ ജലസംഭരണി.